# ദയവായി ആ അതിരപ്പിള്ളി ഫയൽ കോസ്സുചെയ്യാമോ?

എത്ര തവണ ചുരുട്ടിക്കെട്ടിവച്ചാലും വീണ്ടും പൊടിതട്ടിയെടുക്കപ്പെടുന്ന ചില ഫയലുകളുണ്ട് നമ്മുടെ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ. ഏത് സർക്കാർ മാറി വന്നാലും ഇടയ്ക്ക് ആ ഫയലു പുറത്തെടുത്ത് ഒന്ന് നാട്ടാരെ ഞെട്ടിച്ചില്ലെങ്കിൽ എന്തോ ഭരണപരമായ പ്രതിസന്ധിയുള്ളതുപോലെയാണ് നടപ്പുശീലം. അത് ഒരു കാഴ്ച്ചപ്പാടിന്റെ പ്രശ്നം കൂടിയാണ്. ജനങ്ങളെത്ര എതിർത്താലും സർക്കാരിന് ചില പദ്ധതികളെ അങ്ങനെ തള്ളിക്കളയാനാകില്ല. പ്രത്യേകിച്ച് 'വികസന' പദ്ധതികളാകുമ്പോൾ രാജ്യപുരോഗതിക്ക് വിഘാതം സൃഷ്ടിച്ച് എങ്ങനെ ഫയലു മടക്കും എന്ന സന്ദേഹമാണ് ഭരണകക്ഷികളെ ഭരിച്ചു കൊണ്ടിരിക്കുന്നത്. വികസനമാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നതായി പറയപ്പെടാറുള്ളതെങ്കിലും ജനങ്ങൾക്കൊന്നും അനുഭവപ്പെടാത്ത ചില ലാഭക്കണക്കുകൾ ഭരിക്കുന്നവർക്ക് മാത്രമായി ഈ ഫയലുകളിൽ പതുങ്ങിയിരിക്കുന്നുണ്ട്. അതിനുവേണ്ടിയാണ് ഇടയ്ക്കിടെ ഈ ഫയലുകൾ പൊടിതട്ടിയെടുക്കുന്നതും. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ ഫയലായിരിക്കാം ഒരുപക്ഷെ കഴിഞ്ഞ കുറേ നാളുകളായി കൃത്യമായ ഇടവേളകളിൽ ഈവിധം ഉയർത്തെഴുന്നേക്കാറുള്ളത്. വർഷങ്ങളായി സമരരംഗത്തുള്ള പരിസ്ഥിതി പ്രവർത്തകരെയും തദ്ദേശീയരായ കാടർ ആദിവാസി സമൂഹത്തെയും ചാലക്കുടിപ്പുഴത്തടത്തിലെ ജനങ്ങളെയും സംബന്ധിച്ച് അതിരപ്പിള്ളി പദ്ധതിയുടെ ജഡം പണ്ടേ സംസ്കരിക്കപ്പെട്ടു കഴിഞ്ഞു. എന്നാൽ ജാഗ്രത കൈവിടേണ്ടതില്ല എന്ന ഓർമ്മപ്പെടുത്തലുമായി പദ്ധതി വീണ്ടും ഒന്നനങ്ങി. പരിസ്ഥിതി സംരക്ഷണത്തിന്റെ രാഷ്ട്രീയം കനപ്പെട്ടു നിൽക്കുന്ന ഈ കോവിഡ് കാലത്തും അതിരപ്പിള്ളി പദ്ധതി പൊടിതട്ടിയെടുത്ത ഇടതു സർക്കാരിന്റെ കാഴ്ച്ചപ്പാട് അതീവഗുരുതരം എന്നേ പറയാൻ കഴിയൂ. അതിരപ്പിള്ളി പദ്ധതിയുടെ കാലാവധി കഴിഞ്ഞ അനുമതി പുതുക്കുന്നതിനുള്ള നീക്കത്തിന് സമ്മതം നൽകിയത് മുഖ്യമന്ത്രി പിണറായി വിജയൻ തന്നെയാണ്. പദ്ധതിക്കായുള്ള നീക്കങ്ങൾ വീണ്ടും തുടങ്ങുന്നതിനായി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയെ സമീപിക്കാനുള്ള എൻ.ഒ.സിയിൽ മുഖ്യമന്ത്രി ഒപ്പുവച്ച തീയതിയാണ് ശ്രദ്ധിക്കേണ്ടത്, 2020 ഏപ്രിൽ 18. ലോകം കോവിഡിനെ അതിജീവിക്കുമോ എന്ന് സംശയിച്ച സമയം. ആ ആശങ്ക ഇനിയും അവസാനിച്ചിട്ടില്ലല്ലോ. അതിനിടയിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മുഖ്യമന്ത്രി തന്നെ പരിസ്ഥിതി വിനാശത്തിനുള്ള ഒരു വലിയ നീക്കവും തന്റെ മറുകൈയിലൂടെ നടത്തുകയായിരുന്നു. അതിബൃഹത്തായ ജനകീയ പ്രതിരോധത്തെ പരിഗണിക്കാതെ, പദ്ധതിയുടെ അനുമതി തീർന്നപ്പോഴേക്കും മന്ത്രിസഭയിൽ പോലും ആലോചിക്കാതെ അനുമതി പുതുക്കിക്കിട്ടാനായി മുഖ്യമന്ത്രി നടത്തിയ ഈ നീക്കം ഞെട്ടിക്കുന്നതുതന്നെയാണ്. രണ്ട് പ്രളയം കടന്നുപോയി, പിന്നാലെ ഒരു മഹാമാരിയും. എന്നിട്ടും ഈ ദുരന്തങ്ങളെയെല്ലാം നേരിടാൻ മുന്നിലുണ്ടായിരുന്ന മുഖ്യമന്ത്രിക്ക് പാരിസ്ഥിതിക അവബോധത്തിന്റെ പ്രാഥമിക പാഠങ്ങൾ പോലും ഇനിയും മനസ്സിലായില്ല എന്നതാണ് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ദുരന്തം. കാരണം, അതിരപ്പിള്ളിയുടെ കാര്യത്തിൽ മാത്രമല്ല അനുമതികളുണ്ടായിരിക്കുന്നത്. ദുരന്തനിവാരണ നിയമത്തെപ്പോലും പുഴകളിൽ നിന്നും മണലുവാരുന്നതിനുള്ള നിയമമായി മുഖ്യമന്ത്രി മാറ്റിത്തീർത്തു. മൂന്നാമതൊരു പ്രളയം കൂടിയുണ്ടാകുമോ എന്ന ഭീതിയിൽ വലിയൊരു ജനവിഭാഗം നെഞ്ചിടിപ്പോടെ നിൽക്കുമ്പോഴും പശ്ചിമഘട്ടം തുരന്നെടുക്കാനും വയലുകൾ നികത്തപ്പെടാനുമുള്ള പദ്ധതികളാണ് കോവിഡ് കാലത്തും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. കേരളം കോവിഡിനെ അതിജീവിക്കുമെന്ന് മുഖ്യമന്ത്രി തന്നെ ചില പബ്ലിക് റിലേഷൻ പരസ്യങ്ങളിൽ നേരിട്ട് വന്ന് പറയാറുണ്ട്. എന്ത് അതിജീവനമാണാവോ അദ്ദേഹം ഉദ്ദേശിക്കുന്നത്? മഹാമാരികളുടെ കാലത്ത് ആത്യന്തികമായ അതിജീവനം പാരിസ്ഥിതിക വിനാശമില്ലാത്ത, വിഭവക്കൊള്ളയില്ലാത്ത സഹജീവനമാണെന്ന് ഇനിയും മനസ്സിലാക്കാത്ത ഭരണാധികാരികൾ കോവിഡ് കാലത്തെ തിരുത്തലുകൾക്ക് വിലങ്ങുതടിയായി മാറുകയാണ്.

അതിരപ്പിള്ളി പദ്ധതിയിൽ നിന്നും പിന്മാറുകയാണ് എന്ന് വൈദ്യുതി മന്ത്രി എം.എം. മണി 2018 മാർച്ച് 19ന് നിയമസഭയിൽ പറയുകയുണ്ടായി. സാങ്കേതികമായ സാധ്യതകൾ അടഞ്ഞു എന്നതിനാലാണ് പിന്മാറുന്നത് എന്നാണ് മന്ത്രി ഉദ്ദേശിച്ചതെന്ന് ഇപ്പോൾ വ്യക്തമായി. കേന്ദ്രാനുമതി നീട്ടിക്കിട്ടിയാൽ ഇനിയും പദ്ധതിക്കായി സജീവമായി ശ്രമിക്കും എന്ന് ചുരുക്കം. സമവായത്തിലൂടെ മാത്രമേ പദ്ധതി നടപ്പിലാക്കൂ എന്ന് ഇടയ്ക്കിടെ മുഖ്യമന്ത്രിയടക്കം സി.പി.എമ്മിന്റെ പ്രധാന നേതൃത്വങ്ങളെല്ലാം പറയാറുണ്ട്. സമവായം സാധ്യമല്ല എന്ന് ഇത്രയും കാലമായിട്ടും മനസ്സിലായില്ലെങ്കിൽ ഇനി എന്ത് സമവായമാണാവോ അവർ പ്രതീക്ഷിക്കുന്നത്. ഭീഷണിയിലൂടെ സൃഷ്ടിച്ചെടുക്കുന്ന ഒരു 'സമവായവും' വികസന പദ്ധതികളുടെ കാര്യത്തിൽ പതിവായി കാണാറുണ്ട്. ആ ഘട്ടം വരെ പോകാനും മടിക്കില്ല എന്നതാണോ സമവായം എന്നതുകൊണ്ട് സി.പി.എം ഉദ്ദേശിക്കുന്നത്? തങ്ങൾ അധിവസിക്കുന്ന വനഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം തദ്ദേശീയരായ ആദിവാസി സമൂഹത്തിന് നൽകുന്ന വനാവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കിയ പ്രദേശമാണ് വാഴച്ചാൽ വനമേഖല. വനാവകാശ നിയമ (2006) പ്രകാരം വനഭൂമി വനഭൂമിയല്ലാതെയാക്കുന്നതിനുള്ള വിവേചനാധികാരം തദ്ദേശീയ ഗോത്രസമൂഹങ്ങളുടെ ഊരുക്കൂട്ടങ്ങൾക്കാണ് നൽകപ്പെട്ടിട്ടുള്ളത്. വനാവകാശ നിയമം നടപ്പിലാക്കപ്പെട്ടതിലൂടെ ഈ അധികാരം കൈവന്നിട്ടുള്ള ഊരുക്കൂട്ടങ്ങളാണ് വാഴച്ചാൽ വനം ഡിവിഷനിലുള്ള എട്ട് കാടർ ഊരുക്കൂട്ടങ്ങൾ. ഈ ഊരുക്കൂട്ടങ്ങളുടെ പൊതുവായ സാമൂഹ്യ വനവിഭവ മേഖലയായി അംഗീകരിച്ച് വനാവകാശ നിയമത്തിൽ പറയുന്ന കമ്മ്യൂണിറ്റി ഫോറസ്റ്റ് റൈറ്റ്സ് നൽകിയിട്ടുള്ള പ്രദേശത്താണ് പദ്ധതി വരുന്നത്. ഈ സമവായ ചർച്ചകളിൽ വനാവകാശ നിയമം എന്ന കേന്ദ്ര നിയമത്തെ എപ്പോഴെങ്കിലും ഒന്ന് പരിഗണിക്കണം. ഊരുക്കൂട്ടങ്ങളുടെ അനുമതിയില്ലാതെ അവരുടെ സാമൂഹ്യ വനവിഭവ മേഖലയിൽ ഡാം കെട്ടുന്നതിനുള്ള നടപടികളുമായി കെ.എസ്.ഇ.ബിക്ക് എങ്ങനെയാണ് മുന്നോട്ടുപോകാൻ കഴിയുന്നത് എന്ന ചോദ്യവും വീണ്ടും വീണ്ടും ചോദിക്കുകതന്നെ വേണം. ■